II ഇ.ബി.XIV-കേരള നിയമസഭ/X-7

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 മാർച്ച് 8, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*181 & *192) സ്വർണ്ണ പണയ വായ്പ തട്ടിപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സംഘങ്ങളിലും സ്വർണ്ണ പണയ വായ്പ തട്ടിപ്പ് നടക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം 3 മാസം കൂടുമ്പോൾ സംഘങ്ങളിൽ/ബാങ്കുകളിൽ സ്വർണ്ണപ്പണയാഭരണ പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തട്ടിപ്പിൽ ജീവനക്കാർക്ക് പങ്കുണ്ടെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. വായ്പയിതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും സഹകരണ

സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണപ്പണയ പണ്ടങ്ങളുടെ തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ക്രമക്കേടുകളുടെ പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കിയിട്ടുണ്ടെന്നും സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യത പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. അയിരൂപ്പാറ ഫാർമേഴ്സ് സഹകരണ സംഘത്തിൽ നടന്ന തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെന്നും ഇതിന് പിന്നിൽ ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും കൂടുതൽ അന്വേഷണം നടത്തുന്നതിനായി ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അന്വേഷണം മറ്റ് ശാഖകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും മാധവവിലാസം ബാങ്കിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ബ്രാഞ്ച് മാനേജരെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തിവരികയാണെന്നും മന്ത്രി അറിയിച്ചു. തട്ടിപ്പുകൾ കണ്ടുപിടിക്കാൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. നടപടിക്രമങ്ങളുടേയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് ഭരണസമിതി പിരിച്ച് വിടാനുള്ള തീരുമാനമെടുക്കുന്നത്. സ്വർണ്ണപ്പണയ വായ്പ നൽകാൻ അധികാരമില്ലാത്ത സംഘങ്ങൾ വായ്പ നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതും ജീവനക്കാർ ഒരേ

ബ്രാഞ്ചിൽ ഒരു വർഷത്തിൽ കൂടുതൽ തുടരുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതുമാണ്. തട്ടിപ്പിന് ഇരയാകുന്നവർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും അടാട്ട് കർഷക സഹകരണ ബാങ്കിലും ഗുരുവായൂർ സഹകരണ ബാങ്കിലും നടന്ന തട്ടിപ്പിന്മേൽ അന്വേഷണം നടന്നു വരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*182) അന്തർ സംസ്ഥാന ചരക്കുനീക്കത്തിൽ നികുതി വെട്ടിപ്പ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെന്നും പരീക്ഷണാടിസ്ഥാനത്തിൽ 12.01.2018 മുതൽ സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടെന്നും ഇതുമൂലം അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയുന്നതാണെന്നും സഭയെ അറിയിച്ചു. ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും നിയന്ത്രിക്കുന്നതിനായി

സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതും അതിലൂടെ ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിന് സാധിക്കുമെന്നും ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തനക്ഷമമായി മാറുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. 01.02.2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നെങ്കിലും സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളെത്തുടർന്ന് വ്യാപാരികൾക്ക് ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. മാർച്ച് 1 മുതൽ ഇ-വേ ബിൽ ദേശീയാടിസ്ഥാനത്തിൽ നിർബന്ധമാക്കിയതിനാൽ ഇതില്ലാതെ വരുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സാധിക്കുമെന്നും റെയിൽ മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ നികുതി പരിശോധനയ്ക്ക് നിലവിൽ സംവിധാനമില്ലെന്നും ഈ പ്രശ്നം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യാജ ബില്ലുകൾ ഉപയോഗിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് തടയുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 (*183 ) നിർമ്മാണ മേഖലയിലെ പ്രതിസന്ധി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർദ്ധനവുംമൂലം സാധാരണക്കാരും കെട്ടിട നിർമ്മാണ മേഖലയും നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടെന്നും ഇവ പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമായതിനാൽ കരിങ്കല്ലിനും കരിങ്കൽ ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും വില വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണമുൾപ്പെടെയുള്ള വിഷയങ്ങളിൽ പരിസ്ഥിതി നിയമങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണെന്നും ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ സിമന്റുൽപ്പാദകരുടേയും ഡീലർമാരുടേയും യോഗത്തിൽ സിമന്റ് വില കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചെറുകിട ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനായി മൈനിംഗ് പ്ലാൻ ലഘൂകരിക്കാനും മുൻപുണ്ടായിരുന്ന ദൂരപരിധി പുന:സ്ഥാപിക്കാനും ശ്രമിക്കുന്നതാണെന്നും എൻവയോൺമെന്റൽ ക്ലിയറൻസിനായി ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1886 മുതൽ 2185 വരെയുള്ള ചോദ്യങ്ങളിൽ 85 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)